**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4937</u>** **<u>14-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡിന് കിഫ്ബി മാനദണ്ഡ പ്രകാരമുള്ള 10 മീറ്റർ വീതി ലഭ്യമല്ലാത്തതിനാലും സ്ഥലമെടുപ്പ് പ്രായോഗികമല്ലാത്തതിനാലും പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വന്നിട്ടുള്ളതും നൽകിയിട്ടുള്ളതുമായ 45.871 കി.മീ ദൈർഘ്യമുള്ള ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ് 8 റീച്ചുകളിലായി 19 ചെറുറോഡുകളും നാല് പാലങ്ങളുമാണ് വരുന്നത്. ഇതിൽ ഒരു റോഡ് ഒഴികെ ബാക്കി എല്ലാ റോഡുകൾക്കും ശരാശരി 8 മീറ്ററിനു താഴെയാണ് നിലവിലെ വീതി. KIIFB Guidlline നിഷ്കർഷിക്കുന്ന മിനിമം വീതി ആയ 10 മീറ്റർ നിർദിഷ്ട റോഡുകൾക്ക് ഇല്ല. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നത് സാധ്യമല്ലായെന്ന് എം.എൽ.എ അറിയിച്ചിട്ടുള്ളതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ KRFB കോട്ടയം/പത്തനംതിട്ട റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ KIIFB മാനദണ്ഡ പ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ ടി വർക്ക് കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ സാധിക്കുകയില്ലായെന്നു കിഫ്ബി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പുന:ക്രമീകരിച്ച് നിലവിലുള്ള വീതിയിൽ ബി.എം. ആന്റ് ബി.സി. ടാറിംഗ് നടപ്പിലാക്കുന്നതിനായി എം.എൽ.എ. നൽകിയ ഇ.5744750 നമ്പർ കത്തിന്മേൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ജി1/494/2021/പൊ.മ.വ സർക്കാർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | KIIFB പദ്ധതിയായി നടപ്പിലാക്കാനാകാത്തതിനാൽ KRFB എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ